ജൂൺ മാസം 10-ാം തിയതി വൈദ്യരത്നം ആയൂർവേദ കോളേജ് ക്യാമ്പസിൽ വൃക്ഷതൈ നടീൽ പരിപാടി സംഘടിപ്പിച്ചു. അതിൽ അവസാനവർഷ വിദ്യാർത്ഥികളും, രണ്ടാം വർഷ വിദ്യാർത്ഥികളും പങ്കെടുക്കുകയുണ്ടായി. ചെറുതും, വലുതുമായ മുപ്പതോളം വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുകയുണ്ടായി. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി എന്റെ മരം നമ്മുടെ മരം എന്ന പദ്ധതിയുമായി ചേർനനുകൊണ്ട് 20 ഫലവൃക്ഷതൈകൾ കേരള വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ നിനുകൊണ്ട് വരികയും, അവ നടുകയും ചെയ്തു. കൂടാതെ കോളേജ് ഹെർബൽ ഗാർഡനിൽ നിനനും വലിയ വൃക്ഷതൈകൾ കോളേജ് കാമ്പസിൽ മാന്തി നടുകയും ചെയ്തു.

അന്താരാഷ്ട്ര യോഗദിനം കോളേജിൽ ജൂൺ 21 ന് സംഘടിപ്പിക്കുകയുണ്ടായി. അതിൽ കോളേജിലെ മുഴുവൻ വിദ്യാർത്ഥികളും, അദ്ധ്യാപക അനദ്ധ്യാപകരും, പങ്കെടുത്തു. ഇഷ ഫൗണ്ടേഷൻ കോയമ്പത്തൂരിന്റെ തൃശൂരിൽ നിനനുള്ള പ്രതിനിധികൾ യോഗ ക്ലാസ്സ് നടത്തുകയുണ്ടായി.























ജൂൺ 22-ാം തിയതി കോളേജിൽ വച്ച് പരിസ്ഥിതി ദിനത്തോടനുബന്ധിച്ചുള്ള ഒരു സെമിനാറും സംഘടിപ്പിച്ചു. ഫറൂഖ് കോളേജിലെ ബോട്ടണി വിഭാഗം മേധാവി

ഡോ. കിഷോർ കുമാർ "പ്രകൃതിയോടിണങ്ങാം പാട്ടുകളിലൂടെ" എന്ന വിഷയത്തിൽ ക്ലാസ്സ് എടുത്തു. ഇതിൽ കോളേജിലെ മുഴുവൻ വിദ്യാർത്ഥികളും, അദ്ധ്യാപകരും, അനധ്യാപകരും പങ്കെടുത്തു.

ജൂൺ 23 ന് വയോജന ക്ഷേമ സൗഹൃദസംഘം അന്തിക്കാടിന്റെ ആഭിമുഖ്യത്തിൽ വൈദ്യരത്ന ആയുർവ്വേദകോളേജ് എൻ.എസ്.എസ് യൂണിന്റിന്റെ സഹകരണത്തോടുകൂടി വയോജനങ്ങൾക്കായി സൗജന്യ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി അതിൽ “മഴക്കാല രോഗങ്ങളും ആയുർവ്വേദ പ്രതിവിധികളും” എന്ന വിഷയത്തിൽ വൈദ്യരത്നം ആയുർവ്വേദ കോളേജിലെ ഡോ.അഞ്ജു കെ.പി ക്ലാസ്സെടുക്കുകയുണ്ടായി. 60 വയസ്സിന് മുകളിലുള്ളവർക്കുള്ള ക്യാമ്പായിരുന്നു. 112 വൃദ്ധജനങ്ങൾ ഇതിൽ പങ്കെടുത്തു.

